# ധൈര്യമുണ്ടോ?

## തെങ്ങുകയറ്റം ഈസിയെന്ന് മറിയംബി



ക്ലിക്ക്: അനിൽ കെ. പുത്തൂർ

• മറിയംബി തെങ്ങുകയറ്റത്തിനിടെ

ഉയരങ്ങൾ തേടിയുള്ള യാത്രയിലാണ് മറിയംബി എന്ന പെൺകുട്ടി. ഇതൊരു കൊടുമുടിയിലേക്കുള്ള സാഹസിക യാത്രയല്ല. ആധുനിക കേരളീയ സമൂഹത്തിൽ ഓരോവീടുകളിലും കൃഷിയിടങ്ങളിലും ശരാശരി മലയാളി അനുഭവിക്കുന്ന പ്രതിസന്ധികൾ തരണംചെയ്യാനുള്ള കരുത്തുറ്റ തീരുമാനത്തിന്റെ പെൺപ്രതീകമാണ് മറിയംബി.

പാലക്കാട് പുതുപ്പരിയാരം മേലേടത്ത് വീട്ടിൽ പരീത്-ജമീല ദമ്പതികളുടെ ആറുമക്കളിൽ ഇളയവൾ. സിവിൽ എൻജിനീയറിഗ് ഡിപ്ലോമയ്ക്കുശേഷം സ്വകാര്യ കൺസ്ട്രക്ഷൻ കമ്പനിയിൽ ജോലി ചെയ്യുന്നു. കെട്ടിടങ്ങളുടെയും വീടുകളുടെയും രൂപരേഖ വരയ്ക്കുമ്പോഴും ഉയരങ്ങളിലേക്ക് വളർന്നുപൊങ്ങിയ തെങ്ങിന്റെ തലപ്പിൽ മറിയംബിക്കൊരു കണ്ണുണ്ട്. തേങ്ങയിടാൻ ആളെക്കിട്ടാനില്ലാത്ത സാഹചര്യത്തിലാണ് മറിയംബിയും ഒരുകൈ നോക്കുന്നത്.

പാലക്കാട് പിപ്പീൾ സർവീസ് സൊസൈറ്റിയുടെ ധോണിയിലെ തൊഴിൽ പരിശീലനകേന്ദ്രമായ സ്റ്റാർട്ടിൽനിന്നാണ് കഴിഞ്ഞദിവസം മറിയംബി പരിശീലനം കഴിഞ്ഞിറങ്ങിയത്. ഒരാഴ്ചത്തെ പരിശീലനത്തിനകൂട്ടിനു സഹോദരനുമുണ്ടായിരുന്നു. പുതുപ്പരിയാരത്തെ ഗവൺമെന്റ് സ്കൂളിൽ ഹയർസെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കിയ മറിയംബി 2000ത്തിൽ ഡിപ്ലോമ നേടിയശേഷം വള്ളിയോട് പോളിടെക്നിക്കിൽ കുറച്ചുനാൾ പഠിപ്പിച്ചു. പിന്നീട് ഒലവക്കോടുള്ള കൺസ്ട്രക്ഷൻ കമ്പനിയിൽ ഡ്രാഫ്റ്റ്സ്മാനായി ജോലിചെയ്തുവരുകയാണ്. ഇതിനിടയിലാണ് ഒരു ഭ്രമം പോലെ തെങ്ങുകയറ്റവും മനസിലെത്തുന്നത്. പരിശീലനത്തിനുള്ള അവസരം കേട്ടറിഞ്ഞതോടെ മറ്റൊന്നും ആലോചിക്കാതെ ചേരുകയായിരുന്നു. വീട്ടുകാരുടെ പൂർണപിന്തുണയും ലഭിച്ചു.

**തെങ്ങുകയറാൻ ഒരിടത്തും ആളെ കിട്ടാനില്ല. തെങ്ങിൽക്കയറാനുള്ള ധൈര്യമുണ്ടെങ്കിൽ പരിശീലനത്തിന് പാലക്കാട്ട് പീപ്പിൾസ് സർവീസ് സൊസൈറ്റിയുണ്ട്. ആ ധൈര്യവും കൊണ്ടാണ് മറിയംബി എന്ന യുവതി ഒരുകൈ നോക്കിക്കളയാം എന്നുതീരുമാനിച്ചത്. സംഗതി ക്ലിക്കായി.**

**റിപ്പോർട്ട്: സി. അനിൽകുമാർ**

മറിയംബിയുടെ ഭാഷയിൽ പറഞ്ഞാൽ, കുറച്ചുധൈര്യമുണ്ടായാൽ മതി, തെങ്ങുകയറ്റം വെരി ഈസി. യന്ത്രസഹായത്തോടെ ദിവസവും പത്തിലേറെ തെങ്ങുകൾ കയറിയിറങ്ങുമെന്ന് ഇവർ ആത്മവിശ്വാസത്തോടെ പറയുന്നു. പരിശീലനകേന്ദ്രത്തിലെ 11 പേരിൽ ആകെയുള്ള പെൺതരിയും മറിയംബി ആയിരുന്നു. ജോലിനോക്കുന്ന സ്ഥാപനത്തിൽനിന്നും ലീവെടുത്ത് അവരുടെ പിന്തുണയോടെയുമാണ് മറിയംബി പരിശീലനം പൂർത്തിയാക്കിയത്.

സമൂഹത്തിന്റെ വിമർശനങ്ങൾക്ക് മുഖംകൊടുക്കാതെ എന്തിനെയും നേരിടാനുള്ള പുതിയ ചങ്കുറപ്പിന്റെ സന്ദേശമാണ് ഈ പെൺകുട്ടിയുടെ വാക്കുകളിൽ മുഴങ്ങുന്നത്. ചെറുപ്പത്തിലേ ചിത്രംവര ഇഷ്ടമാണ് മറിയംബിക്ക്. കുന്നുംകല്ലുംമണ്ണും പുഴയും തെങ്ങുകളും നിറഞ്ഞ ലോകത്തിൽ വരയിലൂടനീളം തെങ്ങ് ഇഷ്ടവിഷയമായിരുന്നു. വലുതായപ്പോഴും തെങ്ങിനോടുള്ള ഇഷ്ടം ഒളിച്ചുകിടന്നിരുന്നത് അനുഗ്രഹമായി.

വിവിധ മേഖലകളിൽ കഴിവുതെളിയിച്ച പല പെൺകുട്ടികളും വിവാഹത്തോടെ അതിൽനിന്നെല്ലാം മാറി ഒതുങ്ങിക്കൂടുന്ന കാലത്ത് മറിയംബിക്ക് ഇക്കാര്യത്തിലും സ്വന്തമായ തീരുമാനമുണ്ട്- വിവാഹിതയായാലും ബന്ധുക്കളുടെ പിന്തുണയുണ്ടെങ്കിൽ തെങ്ങുകയറും.

സമാനചിന്താഗതിക്കാരായ പെൺകുട്ടികളെ ഈരംഗത്തേക്ക് പ്രോത്സാഹിപ്പിക്കുമെന്നും മറിയംബി പറയുന്നു.

